ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.ബി7/23174/എച്ച്.എസ്.ഇ/2015 തീയതി : 23.07.2015

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പാൾ തസ്തികയിലേക്ക് 2015- 2016 വർഷത്തെ പ്രമോഷൻ നൽകുന്നത് - സംബന്ധിച്ച് -

സൂചന : 1 എഡി.ബി7/22143/എച്ച്.എസ്.ഇ/2012 തീയതി 26.05.2014
2 എഡി.ബി7/20239/എച്ച്.എസ്.ഇ/2015 തീയതി 04.07.2015

13.06.2001 മുതൽ 09.01.2005 വരെ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരായവരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അർഹരായവരെ, ഒഴിവുള്ള പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിനായി - ടി ലിസ്റ്റിൽ നിന്നും റാങ്ക് നമ്പർ 246 മുതൽ 400 വരെയുള്ള അദ്ധ്യാപകരുടെ 2012, 2013, 2014 എന്നീ കലണ്ടർ വർഷങ്ങളിലേയും 2015 ജൂൺ 30 വരെയുമുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടും (Performance Appraisal Form II (B)) അതാത് വർഷത്തെ സ്വയം വിലയിരുത്തലും **പ്രൊബേഷൻ ഡിക്ലറേഷന്റെ പകർപ്പും** സഹിതം 07.08.2015-ന് 5.00 പി.എം-ന് മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അവ്യക്തമായതും, ഭാഗികവുമായ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ മറ്റൊരു അറിയിപ്പ് നൽകാതെ തന്നെ നിരസിക്കുന്നതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളുടെ മുകളിൽ സീനിയോറിറ്റി ലിസ്റ്റിലെ റാങ്ക് നമ്പർ എഴുതേണ്ടതാണ്. ടി റിപ്പോർട്ടുകൾ തപാലിൽ സമർപ്പിക്കുന്നവർ കവറിന്റെ പുറത്ത് "Confidential Reports for Principal Posting 2015-2016" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

പ്രിൻസിപ്പാൾ പ്രമോഷൻ ലഭിക്കുന്നതിനായി യോഗ്യരായ ഹെഡ്മാസ്റ്റർമാരുടെ സീനിയോറിറ്റി ലിസ്റ്റ് നൽകുന്നതിനായി നിർദ്ദേശിച്ചു കൊണ്ട് സൂചന (2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് കത്ത്

നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രിൻസിപ്പാൾ തസ്തികയിലേക്ക് അർഹരായ ഹെഡ്മാസ്റ്റർമാർ 2012, 2013, 2014 എന്നീ കലണ്ടർ വർഷങ്ങളിലേയും 2015 ജൂൺ 30 വരെയുമുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സ്വയം വിലയിരുത്തലും പ്രൊബേഷൻ ഡിക്ലറേഷന്റെ പകർപ്പും സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ 31.07.2015, 5.00 പി.എം-ന് മുമ്പായി എത്തിക്കേണ്ടതാണ്.

നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പരിഗണിക്കുന്നതല്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
ഡയറക്ടർക്കുവേണ്ടി

1) പൊതുവിദ്യാഭ്യാസ ഡയറക്ടർ (ആമുഖ കത്ത് സഹിതം)
2) ഹയർസെക്കന്ററി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ
3) ബന്ധപ്പെട്ട ഗവ.സ്കൂൾ പ്രിൻസിപ്പാൾമാർ/ഹെഡ്മാസ്റ്റർമാർ
4) കരുതൽ ഫയൽ/ഫയൽകോപ്പി

23/Jay/02.07.15